**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
04712561307

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം (ഡി) - ശ്രീ.സുനിൽ.ഒ, വാച്ച്മാൻ, സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ, നെടുമങ്ങാട് - സർവ്വീസിൽ നിന്നും വേലവിലക്കി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

ജീവനകാര്യം (ഡി) വിഭാഗം

നം: ഇ.ഡി-3/53899/23/ഡി.ടി.ഇ | തിരുവനന്തപുരം , തീയതി: 23.12.2023

---

വായന:- 20.12.2023, 21.12.2023 തീയതികളിലെ E/2098/23/GTHS - NDD നമ്പർ നെടുമങ്ങാട് സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ടിന്റെ കത്തുകൾ

**ഉത്തരവ്**

നെടുമങ്ങാട് സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിലെ വാച്ച്മാൻ ശ്രീ.സുനിൽ.ഒ, ടി സ്ഥാപനത്തിൽ സൂക്ഷിച്ചിരുന്ന ₹ 1,22,600/ വില വരുന്ന സർക്കാർ വക സാധനങ്ങൾ മോഷ്ടിച്ച് വിൽപ്പന നടത്തിയതായി അന്വേഷണത്തിൽ മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ ടി സ്ഥാപന മേധാവി നെടുമങ്ങാട് പോലീസിൽ പരാതിപ്പെട്ടുവെന്നും, ആയതിനെ തുടർന്ന് 18.12.2023 മുതൽ ശ്രീ.സുനിൽ.ഒ പോലീസ് കസ്റ്റഡിയിൽ ആണെന്നും, 19.12.2023 ന ബഹു.നെടുമങ്ങാട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി II ൽ ടിയാനെ ഹാജരാക്കിയെന്നും, ബഹു.കോടതി ടിയാനെ പതിനാല് ദിവസത്തേക്ക് റിമാൻഡ് ചെയ്ത് അന്നേ ദിവസം വൈകുന്നേരം തിരുവനന്തപുരം സബ് ജയിലിൽ പാർപ്പിച്ചിരിക്കുന്നുവെന്നും (RP 1571), റിമാൻഡ് റിപ്പോർട്ട് പോലീസിൽ നിന്നും ലഭ്യമായിട്ടില്ലെന്നും, ടിയാനെതിരെ ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ എടുക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ട് 18.12.2023 ന നെടുമങ്ങാട് പോലീസ് ടിയാനെതിരെ രജിസ്റ്റർ ചെയ്ത പ്രഥമ വിവര റിപ്പോർട്ട് (FIR) നം.2646/2023 സഹിതം വായന പ്രകാരം സ്ഥാപന മേധാവി റിപ്പോർട്ട് ചെയ്തിരുന്നു.

മേൽ വസ്തുതകളുടെ വെളിച്ചത്തിൽ, നെടുമങ്ങാട് സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിലെ വാച്ച്മാൻ ശ്രീ.സുനിൽ.ഒ - യെ 1960 - ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും,നിയന്ത്രണവും,അപ്പീലും) ചട്ടങ്ങൾ ഭാഗം IV 10 (3) പ്രകാരം, ടിയാൻ തടങ്കലിലാക്കപ്പെട്ട 18.12.2023 പ്രാബല്യം മുതൽ സർവ്വീസിൽ നിന്നും വേലവിലക്കി കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം I ചട്ടം 55 പ്രകാരമുള്ള ഉപജീവന ബത്തക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

ഒപ്പ് /-

സുനിൽ കുമാർ സി വി
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

പകർപ്പ്

1.സി. എ,സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ,ഡിടിഇ
2.സൂപ്രണ്ട്,സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ, നെടുമങ്ങാട് (ഡിഡിഎഫ്എസ് വഴി)
3.ബന്ധപ്പെട്ട ജീവനക്കാരന് (സ്ഥാപന മേധാവി മുഖാന്തിരം )
4.ഡിഡിഎഫ്എസ് കരുതൽ സഞ്ചയം

Approval Valid

Digitally Approved By
സുനിൽ കുമാർ സി വി
Date: 23.12.2023
Reason: Approved

The document is digitally approved. Hence signature is not needed.



Draft #1 of File ED3/53899/23/DTE Approved by Senior Administrative Officer on 23-Dec-2023 01:36 PM - Page 1